# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 22 — 28/11/2018 ൽ മറുപടിക്ക്

**ശബരിമലയിലെ സുരക്ഷാ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമെന്ന് സൂചിപ്പിച്ച് ശബരിമല സ്പെഷ്യൽ കമ്മീഷണർ കേരള ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമലയിൽ എന്തെങ്കിലും പ്രത്യേക സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമെന്ന് സൂചിപ്പിച്ച് ശബരിമല സ്പെഷ്യൽ കമ്മീഷണർ കേരള ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമലയിൽ പ്രത്യേക സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചിലർ 18-ാം പടിയിൽ ആചാര ലംഘനം നടത്തിയ കാര്യവും 52 കാരിയായ ഒരു സ്ത്രീയെ അക്രമികൾ വളഞ്ഞ് ആക്രമിച്ചതായും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.ഇതിന്റെ അടിസ്ഥാനത്തിൽ മണ്ഡല കാലം മുതൽ സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും എരുമേലിയിലും മതിയായ പോലീസ് സംരക്ഷണം ഒരുക്കിയിട്ടുണ്ട്. |
| (സി) | മഹാഭൂരിപക്ഷം വരുന്ന വിശ്വാസി സമൂഹത്തെ നേരിട്ട് ബാധിക്കുന്ന വിഷയമെന്ന നിലയിൽ അതിനെ സമീപിക്കുമ്പോൾ കാണിക്കേണ്ട സൂക്ഷ്മത പുലർത്താതെ വിശ്വാസികളെ പ്രകോപിപ്പിക്കുന്ന തരത്തിലുള്ള സമീപനം സർക്കാർ ഭാഗത്ത് നിന്നും ഉണ്ടായത് കൊണ്ടാണ് ശബരിമല വിഷയം അതീവഗുരുതരമായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ ; | (സി) | 1991 ലെ ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം ശബരിമലയിൽ യുവതികളായ തീർത്ഥാടകർക്ക് ദർശനം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് ബഹു. സുപ്രീം കോടതിയുടെ 2018 സെപ്റ്റംബർ 28 ന് പുറപ്പെടുവിച്ച വിധിയോടെ റദ്ദായിരിക്കുകയാണ്. ഇക്കാര്യത്തൽ സർക്കാരിന് കോടതി വിധി നടപ്പിലാക്കാൻ മാത്രമെ കഴിയുകയുള്ളൂവെന്ന നിജ സ്ഥിതി മറച്ച് വച്ച് കൊണ്ട് ശബരിമലയിലും സംസ്ഥാനത്താകമാനവും ആചാരസംരക്ഷണമെന്ന വ്യാജേന കുഴപ്പങ്ങൾ സൃഷ്ടിക്കാൻ ചിലർ ശ്രമിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണമായത്. |

| | | | |
|---|---|---|---|
| | | | പ്രായഭേദമന്യേ സ്ത്രീകൾ പ്രവേശിക്കുന്നതിനെതിരെ ആദ്യം പന്തളത്തും പിന്നീട് സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും പ്രതിഷേധങ്ങൾ ഉണ്ടായി തുടങ്ങി. വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിന് സർവ്വ കക്ഷി യോഗം ഉൾപ്പെടെ വിവിധ തലങ്ങളിൽ സർക്കാർ ചർച്ചകൾ നടത്തിയിട്ടുണ്ട്.വിശ്വാസികളെ പ്രകോപി പ്പിക്കുന്ന തരത്തിലുള്ള സമീപനം സർക്കാരിന്റെ ഭാഗത്ത് നിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. |
| (ഡി) | മലകയറുവാനെത്തിയ ആക്ടിവിസ്റ്റുകളായ യുവതികളെ പോലീസുദ്യോഗസ്ഥരുടെ സുരക്ഷാവലയത്തിൽ സന്നിധാനത്തേക്ക് കൊണ്ടുപോയതും അവരിൽ ചിലർക്ക് പോലീസിന്റെ ഹെൽമെറ്റും സുരക്ഷാകവചവും നൽകിയതുമാണ് ഗുരുതരമായ അവസ്ഥയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചതെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | 2018 സെപ്റ്റംബർ 28-ാം തീയതി പുറപ്പെടുവിച്ച സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ യുവതികളായ തീർത്ഥാടകർക്ക് ദർശനം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് നീങ്ങിയ സാഹചര്യത്തിൽ ദർശനത്തിനായി ഏതാനും യുവതികൾ മുന്നോട്ട് വന്നിരുന്നു.അവരെ തിരിച്ചയയ്ക്കുന്നത് കോടതി അലക്ഷ്യമാകുമെന്നതിനാലും ഭക്തരെന്ന വ്യാജേന ശബരിമലയിൽ എത്തിയ ഏതാനും ചില സാമൂഹ്യവിരുദ്ധർ ഇവരെ ആക്രമിക്കാനുള്ള സാദ്ധ്യത മുന്നിൽ കണ്ടുമാണ് ആ സാഹചര്യത്തിൽ പോലീസ് സംരക്ഷണം നൽകിയിരുന്നത്. |
| (ഇ) | ഇത്തരം നിലപാടുകൾ വർഗ്ഗീയ കക്ഷികൾക്ക് ശബരിമലയിൽ അഴിഞ്ഞാടുവാൻ അവസരം ഉണ്ടാക്കുകയും സന്നിധാനത്തിന്റെ നിയന്ത്രണം പോലും അവർക്ക് കൈമാറുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്തിട്ടില്ലേ എന്ന് വ്യക്തമാക്കുമോ ? | (ഇ) | സുപ്രീം കോടതി വിധി സർക്കാർ നടപ്പാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്. ഇതിനെ എതിർത്താണ് ചില സാമൂഹ്യവിരുദ്ധർ പ്രശ്നങ്ങൾ ഉണ്ടാക്കിയത്. സന്നിധാനം പോലീസ് നിയന്ത്രണത്തിൽ തന്നെയായിരുന്നു. സന്നിധാനത്ത് രക്തച്ചൊരിച്ചിൽ ഇല്ലാതാക്കാൻ പോലീസ് പരമാവധി സംയമനം പാലിക്കുകയാണ് ഉണ്ടായത്. മണ്ഡല കാലം മുതൽ സന്നിധാനത്ത് മതിയായ പോലീസ് സുരക്ഷ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ